# ല—എന്ന പേരുള്ള മരവും മറ്റു കഥകളും

വി. എച്ച്. നിഷാദ്



ല—എന്ന പേരുള്ള മരവും

മറ്റു കഥകളും

V. H. Nishad

(Malayalam: Short story)

© 2020, V. H. Nishad

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Couple of coracles (round-shaped boats) at Tungabhadra river near Hampi, India. Coracles are used as mode of water transportation in this part of the world., a photograph by Dey.sandip. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org



കുറുങ്കഥ: ഒന്ന്

## ഒരിക്കൽ



ഒരേ ഒരിക്കൽ അവളുടെ മൊബൈലിലേക്ക് ഒരു ചെറു പ്രാണി കൂട്ട കയറും പോലെ ഒരു ബ്ലാങ്ക് മെസേജ് വന്നു പെട്ടു. ആരുടേതാണെന്ന് അവൾക്കറിയില്ലായിരുന്നു. മറുപടി അയച്ചില്ല.

ആ മെസേജിനെ അവഗണിച്ചു. എല്ലാ ദിവസവും രാത്രി എട്ടു മണിക്ക് അവളുടെ മൊബൈലിലേക്ക് ബ്ലാങ്ക് മെസേജുകൾ വന്നു കൊണ്ടിരുന്നു. ഒട്ടും പരിഗണിച്ചേ ഇല്ല.

കാലം കഴിയവേ അവളും ദാമ്പത്യത്തിന്റെ പെട്ടിയിലായി. ഇരുട്ടും കയ്പ്പും നിറഞ്ഞൊരു നാൾ അവളാ പഴയ മെസേജുകളെ കുറിച്ചോർത്തു. മുകളിലേക്ക് നോക്കിയപ്പോൾ മേഘങ്ങളിൽ ചിറകു കൊണ്ട് മുടന്തുന്ന പക്ഷികളെ കണ്ടു.

ആ നമ്പർ എന്തു കൊണ്ടോ അവൾ ഓർത്തു വെച്ചിരുന്നു. ഏറെ ഹൃദയ-ബാധ്യതയോടെ അതിലേക്ക് വിളിച്ചു: ‘ആ മനുഷ്യൻ നിലവിലില്ല...’ എന്നോ മറ്റോ അവ്യക്തമായി വളരെ ദൂരെ നിന്ന് കേട്ടു.

കുറുങ്കഥ: രണ്ട്

# തോക്കു പുരാണം



അമ്മാവന് ഒരു തോക്കുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണ ശേഷം അമ്മായി അത് സ്വന്തമാക്കി. അവരെ എല്ലാരും പേടിക്കാൻ തുടങ്ങിയത് അതിനു ശേഷമായിരുന്നല്ലോ! അടുക്കളയുടെ ചുമരിൽ ഇരട്ടക്കണ്ണുകൾ പോലെ അതു തൂങ്ങിക്കിടന്നു.

പതുക്കെ അമ്മായിയോട് അടുക്കള കാര്യം പോലും ചോദിക്കാൻ ഏവരും ഭയപ്പെട്ടു തുടങ്ങി. രാത്രിയിൽ അടുക്കളയും മച്ചിൻ പുറവും അസാധാരണമായ ചില വാക്കുകൾ സംസാരിക്കുന്നുണ്ടോ? തുറന്നു ചോദിക്കാൻ വീട്ടിലെ ഏവർക്കും മടി.

കാലം പുതിയ മരങ്ങളെ തൊടിയിൽ നട്ടു. അടുക്കള കിച്ചണായി.

ആത്മഹത്യ ചെയ്ത അമ്മായിയുടെ പടം ആലയിൽ തള്ളിയ പഴയ ചൈനാപ്പെട്ടിയിൽ നിന്നു ഈയിടെ കിട്ടി. അമ്മായി അവസാനം പറഞ്ഞതെന്തായിരുന്നു? ആ പഴയ എട്ടു വയസുകാരനോട് പീത നിറമുള്ള ഒരു ഓർമ്മയിലേക്ക് പിന്തിരിഞ്ഞു നിന്ന് ഞാൻ ചോദിച്ചു.

'ഠോ!...'

—മനസ്സു പതിയെ ആ പഴയ ഒച്ച പുറത്തു വിട്ടു.

കുറുങ്കഥ: മൂന്ന്

# ല



‘ല’ എന്നു വിളിച്ചാൽ വിളികേൾക്കുന്ന ഒരു മരമുണ്ടായിരുന്നു, തൊടിയിൽ.

ല ല ല, ല ല ല... എന്നു ചില രാത്രികളിൽ ഞാൻ മൂളുമ്പോൾ ആ മരവും ഒപ്പം താളത്തിൽ പാടുമായിരുന്നു.

വിവാഹത്തിനു ശേഷം ആ മരമേ മറന്നു പോയ്. ഇപ്പോൾ നോക്കുമ്പോൾ തൊടിയിൽ നിറയെ:

ല ല ല, ല ല ല...

# കള്ളന്മാർ



രണ്ട് കള്ളന്മാരായിരുന്നു അവർ. ഒരാൾ പുരുഷനും മറ്റേയാൾ സ്ത്രീയും. ഒരു മോഷണത്തിനിടയ്ക്ക് രാത്രിയിൽ പരിചയപ്പെട്ടതാണ്.

മോഷ്ടാവായ ഒരു വനിതയെ ആദ്യമായി കാണുകയായിരുന്നു അയാൾ. കൂട്ടു പ്രയത്നമായി കുറെ നാൾ മോഷണം തുടർന്നപ്പോൾ അവർ താമസവും ഒരേ ഇടത്താക്കി. ജോലി ചെയ്യാൻ എളുപ്പമാകുമല്ലോ.

ഒരു നാൾ വെളുപ്പാൻ കാലത്ത് വന്നു കിടന്ന് ഉച്ച വെയിലിൽ കണ്ണു തുറന്നു നോക്കിയപ്പോൾ പുരുഷനായ കള്ളന് എന്തോ ഒരു മാറ്റം അനുഭവപ്പെട്ടു.

കണ്ണാടിയിൽ നോക്കി. ശരിയാണ്! പഴയ മെലിഞ്ഞുണങ്ങിയ കള്ളനല്ല അവിടെ. പകരം, ഒത്ത, സുന്ദരനായ ഒരു പുരുഷൻ!

നിലത്ത് പായയും വിരിച്ച് കിടന്നുറങ്ങുന്നവൾ സുന്ദരിയായ ഒരു യുവതിയും.

ആലോചിച്ചപ്പോൾ നാളുകളായുള്ള ആ ഓട്ടങ്ങൾക്കിടയിൽ തന്റെ പ്രണയം എപ്പോഴോ മോഷണം പോയിരുന്നെന്ന് യുവാവിന് മനസ്സിലായി.

ആരുമറിയാതെപോയ ആ പകൽക്കൊള്ള നടന്നത് അങ്ങനെയാണ്!

കുറുങ്കഥ: അഞ്ച്

# മൊബൈൽ—ബുദ്ധൻ



'സംസാരിച്ച് നിനക്കു മടുക്കുന്നില്ലേ'—പകൽ മുഴുവൻ കോളുകളിൽ നീന്തി നടന്ന എന്നോട് ഒടുവിൽ മൊബൈൽ ഫോൺ തന്നെ ചോദിച്ചു.

'ആഗ്രഹമുണ്ട്. പക്ഷേ, നിർത്താനാകുന്നില്ല ഇത്...'—നിസ്സഹായതയോടെ ഞാൻ പറഞ്ഞു.

ഞാൻ വീണ്ടും കോളുകളിൽ മുഴുകി. ഏതോ സംഭാഷണത്തിൽ മുങ്ങി, തളർന്നവശനായാണ് വെളുപ്പിനെപ്പഴോ ഉറക്കത്തിലേക്ക് ഉടൽതെറ്റി വീണത്.

രാവിലെ എണീറ്റപ്പോൾ മൊബൈൽ ഫോൺ ഗാഢമായ ഉറക്കത്തിൽ. ഫുൾ ചാർജ്ജ് ചെയ്ത് ഞെക്കിയിട്ടും തടവിയിട്ടും അത് ഉണരുന്നേയില്ല.

നിസ്സഹായതയോടെ ഞാൻ ആ മൊബൈൽ ഫോണിലേക്ക് നോക്കി. വീണ്ടും വീണ്ടും തടവി നോക്കി.

ഒരു ബുദ്ധ ശിരസ്സ് തെളിഞ്ഞു വന്നു!.

□

## വി എച്ച് നിഷാദ്



കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സ്വദേശി. ചെറുകഥാകൃത്ത്, നോവലിസ്റ്റ്, പത്രപ്രവർത്തകൻ, അധ്യാപകൻ. പരിയാരം ഗവ ഹൈസ്കൂൾ, തളിപ്പറമ്പ് സർസയ്യദ് കോളേജ്, മാനന്തവാടി മേരീ മാതാ കോളേജ്, മഹാത്മാഗാന്ധി സർവകലാശാല ജേണലിസം വിഭാഗം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

മലയാളത്തിൽ റാഡിക്കൽ ജേണലിസത്തിന് തുടക്കമിട്ട് ദില്ലിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഫ്രീ പ്രസ് മാഗസിന്റെ സ്ഥാപകരിലൊരാളും അതിന്റെ ലിറ്ററി എഡിറ്ററുമായിരുന്നു.

ഇന്ത്യാ ടുഡേ, ന്യൂസ് ടുഡേ, കവേർട് മാഗസിൻ, ടൈംസ് ഓഫ് ഇന്ത്യ, ഡൂൾ ന്യൂസ് ഡോട് കോം എന്നീ മാധ്യമ സ്ഥാപനങ്ങളിൽ ജേണലിസ്റ്റായി ഒരു പതിറ്റാണ്ടുകാലത്തോളം ജോലി ചെയ്തു. കണ്ണൂർ സർവകലാശാല ജേണലിസം വിഭാഗത്തിന്റെ കോഴ്സ് ഡയറക്ടർ, ജേണലിസം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, 'ഇന്ത്യൻ ഇങ്ക്' എന്ന ഇംഗ്ലീഷ് ലിറ്റിൽ മാഗസിന്റെ പത്രാധിപ സമിതി അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചു. ഇപ്പോൾ തളിപ്പറമ്പ് സർസയ്യദ് കോളേജിൽ ജേണലിസം അധ്യാപകൻ.

മാതൃഭൂമി വിഷുപ്പതിപ്പ് കഥാ സമ്മാനം, മുട്ടത്തുവർക്കി കലാലയ കഥാ അവാർഡ്, എം പി നാരായണപ്പിള്ള ചെറുകഥാ പുരസ്കാരം, നാറ്റ് കഥാ പുരസ്കാരം, ബാലകൃഷ്ണൻ മാങ്ങാട്ട് ചെറുകഥാ അവാർഡ്, അങ്കണം—ഇ പി സുഷമ എൻഡോവ്മെന്റ് തുടങ്ങിയ അംഗീകാരങ്ങൾ.

തിരക്കഥ രചിച്ച 'അവൾ' എന്ന ഷോർട് ഫിലിം 2010-ൽ ഇന്ത്യൻ പനോരമാ വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

### പുസ്തകങ്ങൾ:

വാൻഗോഗിന്റെ ചെവി, മിസ്ഡ് കോൾ, ഷോക്ക്, ജീവിതോൽസവം, മരമാണ് മറുപടി, അയ്യോ!, ചോക്കുകളുടെ കരച്ചിൽ, ആതിരാ-സൈക്കിൾ, മിസിസ്. ഷെർലക് ഹോംസ് (കഥകൾ), പേരയ്ക്ക, മൂന്ന്, അനിതാ-വയലറ്റ്, ഏകാന്തതയെക്കുറിച്ച് ഒരു നോവൽ കൂടി (നോവൽ), അബ്ബുവിന്റെ പേനകൾ (ബാലസാഹിത്യം).

പ്രിന്റ് മീഡിയ ജേണലിസം, ടെലിവിഷൻ ജേണലിസം, ഫിലിം സ്റ്റഡീസ്: ആൻ അക്കാദമിക് ഇൻട്രൊഡക്ഷൻ എന്നീ അക്കാദമിക് ഗ്രന്ഥങ്ങളും രചിച്ചു.

### അച്ചടിയിൽ:

- മലാലാ-ടാക്കീസ് (കഥകൾ)
- ടൂട്ടു ദ ജേണലിസ്റ്റ്, ഭൂമിയുടെ അലമാര (ബാലസാഹിത്യം)
- എസ് എം എസ് ബിരിയാണി (കവിതകൾ)

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: ജി. രജീഷ്

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.